LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള പമ്പുസെറ്റുകൾ മാറ്റി പുതിയ, ഊർജ്ജ സംരക്ഷണത്തിന് മുൻതൂക്കം നൽകുന്ന പ്രവർത്തനക്ഷമത കൂടിയ പമ്പ് സെറ്റുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കാൻ നബാർഡിൽനിന്നും 2898.32 ലക്ഷം രൂപയും കേരള സർക്കാരിൽനിന്നും 511.47 ലക്ഷം രൂപയും ജല അതോറിറ്റിക്ക് അനുവദിക്കുകയുണ്ടായി. ഈ പദ്ധതിയിൽ 385 പുതിയ പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും 191 പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്.

(ബി)

- പഴ പമ്പ് സെറ്റുകൾ മുഖേന ഉണ്ടായിരുന്ന റിപ്പയറിംഗ് ചെലവുകൾ കുറഞ്ഞിട്ടുണ്ട്.
- വൈദ്യുതി ഉപഭോഗം കുറയുകവഴി വൈദ്യുതി ബില്ല് തുക കുറഞ്ഞിട്ടുണ്ട്.
- പഴയ പമ്പ് സെറ്റുകൾ മുഖേന ഉണ്ടായിരുന്ന തടസ്സങ്ങൾ ഇല്ലാതെ അധിക ജല വിതരണം ചെയ്യാൻ കഴിയുന്നു.
- പൊതുവേ ജലവിതരണത്തിന്റെ കാര്യക്ഷമത ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

(സി) തടസ്സരഹിതമായ ജലവിതരണംവഴി വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമതയും വരുമാനവും ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള പമ്പു സെറ്റുകൾ മാറ്റി പുതിയ, ഊർജ്ജ സംരക്ഷണത്തിന് മുൻതൂക്കം നൽകുന്ന പ്രവർത്തനക്ഷമത കൂടിയ പമ്പു സെറ്റുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കാൻ നടപടികൾ എടുത്തു വരുന്നുണ്ട്.

വാട്ടർ അതോറിറ്റിയുടെ മുടങ്ങിക്കിടന്ന പദ്ധതികൾ

104 (8164) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത് വിശദാംശങ്ങൾ നൽകുമോ ;

(സി) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുംവേണ്ടി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥൻമാരുടെയും നേതൃത്വത്തിൽ യോഗങ്ങൾ നടത്തി തടസ്സങ്ങൾ നീക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. എല്ലാ മാസവും വീഡിയോ കോൺഫറൻസിംഗ് മുഖേന മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം നടത്തുന്നുണ്ട്.

ഇതിനു പുറമെ പദ്ധതികളുടെ വിവിധ ഘടകങ്ങളുടെ പണികളുടെ പുരോഗതി PASK (Project Status Alert System of Kerala) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ കീഴ്ഘടകങ്ങളിൽ നല്കിയും വേണ്ട നടപടികളെടുത്തും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പ്രധാന ഘടകങ്ങൾക്ക് സ്ഥലം ലഭിക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

പൈപ്പ് ഇടുന്നതിന് ആവശ്യമായ പി.ഡബ്ല്യു.ഡി., നാഷണൽ ഹൈവേ, റെയിൽവേ എന്നീ വകുപ്പുകളുടെ അംഗീകാരം സംബന്ധിക്കുന്ന തടസ്സങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമായി ആലോചിച്ച് തീർപ്പാക്കുന്നു. മുൻകാലങ്ങളിൽ പദ്ധതികളുടെ ദർഘാസ് ക്ഷണിക്കുന്നതിനുള്ള കാലതാമസം പുതിയ ഇ-ടെണ്ടറിംഗ് സംവിധാനത്തിലൂടെ ത്വരിതഗതിയിൽ ആക്കുവാനും സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുന്നു.

(സി) വിവിധതലങ്ങളിൽ വിവിധ വകുപ്പുകളുമായി നടത്തിവരുന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുന്നുണ്ട്. ഇതുമൂലം പദ്ധതികളുടെ പണികൾ ത്വരിതഗതിയിൽ ആക്കുവാനും പദ്ധതികളുടെ പൂർത്തീകരണത്തോടെ കൂടുതൽ ജനങ്ങളിലേക്ക് കുടിവെള്ളം ലഭ്യമാക്കാനും തുടർന്ന് കൂടുതൽ വാട്ടർ കണക്ഷനുകൾ കൊടുക്കുവാനും അതിനാൽ വരുമാനം ഉയർത്തിക്കൊണ്ടുവരുവാനും സാധിക്കുന്നുണ്ട്. ഇതിനോടനുബന്ധിച്ച് തന്നെ ഈ സർക്കാർ അധികാരമേറ്റശേഷം ചെറുതും വലുതുമായ 74 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും ശേഷിക്കുന്ന കാലഘട്ടത്തിൽ 154 പദ്ധതികൾ പൂർത്തീകരിക്കുവാനും ലക്ഷ്യമിടുകയും ചെയ്യുന്നു.

(ഡി) ഇ-ടെണ്ടർ നടപ്പിലാക്കി, വാട്ടർ കണക്ഷൻ നല്കാനുള്ള നടപടികൾ ലഘൂകരിച്ചു. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഗാർഹിക കണക്ഷൻ നല്കാനുള്ള ചുമതല നല്കി.

സ്ഥാപന ശാക്തീകരണം, ഹെൽപ്പ് ലൈൻ പരാതികൾ സ്വീകരിക്കൽ, ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തൽ എന്നിവ നടപ്പിലാക്കി. പ്രോജക്ടുകളുടെ മേൽനോട്ടത്തിനായി പാസ്സ് സോഫ്റ്റ് വെയർ ഏർപ്പെടുത്തി. വീഡിയോ കോൺഫറൻസിംഗ് വഴി എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങൾ തുടർച്ചയായി വിലയിരുത്തുന്നു.

കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി സ്റ്റെപ്പ്സ്, ഒ & എം, ബിൽ എൻട്രി, എച്ച്. ആർ., ഇ-അബാക്കസ്, ബില്ലിംഗ്, ഓഫീസ് ഓട്ടോമേഷന്റെ ഭാഗമായി ഓഫീസുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കൽ എന്നിവ നടത്തിയിട്ടുണ്ട്.

ഡാമുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം

105 (8165) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :.

(എ) മുല്ലപ്പെരിയാർ, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഡാമുകളുടെ ഉടമസ്ഥാവകാശം നിക്ഷിപ്തമായിട്ടുള്ളത് ആർക്കാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly